LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം

211(2680) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ജലസേചന വകുപ്പിലേ ഫയൽ നമ്പർ 10807/WR/MI2/13-ൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ.

(ബി) പ്രസ്തുത ഫയലിലെ ആവശ്യപ്രകാരം CE ഇറിഗേഷൻ വിശദമായ റിപ്പോർട്ടും ഡി.പി.ആർ.-ഉം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ എത്രയും വേഗം ഡി.പി.ആർ. സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ. കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ.

ഉത്തരം

(എ&ബി) അമ്പലക്കുളങ്ങളുടെ നവീകരണത്തിനായുള്ള തീരുമാനമാകാത്ത എല്ലാ പ്രൊപ്പോസലുകളും ലഭ്യമാക്കുവാൻ പ്രസ്തുത ഫയലിൽ ചീഫ് എഞ്ചിനീയറോട് (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടപ്രകാരം പുതിയ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുവേണ്ടി 313 കുളങ്ങളുടെ പട്ടിക സമർപ്പിച്ചിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഈ പ്രവൃത്തികൾക്കുവേണ്ടി തുകയൊന്നും അനുവദിച്ചിരുന്നില്ല.

ശുദ്ധജലവിതരണ പൈപ്പ് ലൈനുകൾ

212(2681) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ശുദ്ധജലവിതരണ പൈപ്പ് ലൈനുകൾ നീട്ടി കൂടുതൽ ഗുണഭോക്താക്കൾക്ക് ജലം എത്തിക്കുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതി ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണെന്നും നടപടിക്രമങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൈപ്പ് ലൈനുകൾ നീട്ടി കൂടുതൽ ഗുണഭോക്താക്കൾക്ക് ജലം എത്തിക്കുന്നതിന് താഴെപ്പറയുന്ന രീതിയിലുള്ള പദ്ധതികളാണ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നത്:

1. സർക്കാരിന്റെ ബഡ്ജറ്റിൽ 09.29 എന്നീ ഹെഡുകളിൽപ്പെടുത്തി അനുമതി ലഭിച്ച പദ്ധതികൾ.
2. ത്രിതല പഞ്ചായത്തുകൾ (തദ്ദേശഭരണ സ്ഥാപനങ്ങൾ) മുനിസിപ്പാലിറ്റികൾ മുതലായവയുടെ നിക്ഷേപം ഉപയോഗിച്ച് പൈപ്പ്ലൈനുകൾ നീട്ടി കൂടിവെള്ളം എത്തിക്കുന്ന പദ്ധതികൾ.
3. എം.എൽ.എ., എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം എത്തിക്കുന്ന പദ്ധതികൾ.

(ബി) ഇല്ല.

ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഭൂജലവകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

213(2682) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജല വകുപ്പ് വിവിധ പദ്ധതികൾ മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രാവർത്തികമാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഓരോ പദ്ധതികളുടെയും പേരും അടങ്കൽ തുകയും പ്രവർത്തന പുരോഗതിയും അറിയിക്കുമോ?

ഉത്തരം

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

പൂരക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

214(2683) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ഏര്യം പുഴക്ക് കുറുകെ പൂരക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നല്കുമോ ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നബാർഡിൽ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES·Kerala Legislative Assembly